**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1768** **11-10-2024 - ൽ മറുപടിയ്ക്ക്**

**പ്രചോദനം തൊഴിൽ പരിശീലന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 18 വയസ് കഴിഞ്ഞവർക്കുള്ള 'പ്രചോദനം' തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോപ്പോസൽ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | പ്രചോദനം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കരിക്കുലം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . അതിന്റെ അടിസ്ഥാനത്തിൽ കരിക്കുലം കമ്മിറ്റി യോഗം ചേരുകയും വിദഗ്ധരുടെ അഭിപ്രായങ്ങൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വിദഗ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതി എന്നാണ് പ്രഖ്യാപിച്ചതെന്നും എന്നത്തേക്ക് നടപ്പാക്കുന്നതിനാണ് നിശ്ചയിച്ചിരുന്നതെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | (ബി) | പതിനെട്ട് വയസ്സ് കഴിഞ്ഞ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ തൊഴിൽ നൈപുണ്യവികസനത്തിനായി 2023-24 സാമ്പത്തിക വർഷത്തിലാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചത്. മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ അഭിരുചിയ്ക്കനുസരിച്ചുള്ള തൊഴിൽ പരിശിലനം നൽകി സാധ്യമാകുന്ന തൊഴിലുകൾ ചെയ്യുന്നതിന് പ്രാപ്തരാക്കുക, ഇതിലേയ്ക്കായി പാഠ്യപദ്ധതികൾ തയ്യാറാക്കുക എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലെയും രണ്ട് വീതം തൊഴിൽ പരിശീലനകേന്ദ്രങ്ങൾക്ക് ധനസഹായം നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>പ്രചോദനം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കരിക്കുലം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.അതിന്റെ അടിസ്ഥാനത്തിൽ കരിക്കുലം കമ്മിറ്റി യോഗം ചേരുകയും വിദഗ്ധരുടെ അഭിപ്രായങ്ങൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വിദഗ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലും നടപ്പ് സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിവരം ലഭ്യമാക്കാമോ; ഇതിനായി എത്ര തുക ചെലവായിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ? | (സി) | സാമൂഹ്യനീതി വകുപ്പിന്റെ 2235-02-101-73 (പി) ശീർഷകത്തിൽ ഒരു കമ്പോണന്റായാണ് പ്രചോദനം പദ്ധതി ഉൾപ്പെട്ടിട്ടുള്ളത്.2235-02-101-73(പി) ശീർഷകത്തിൽ 2022-2023, 2023-2024-ൽ വകയിരുത്തിയിട്ടുള്ള തുക, ചെലവഴിച്ച തുക, പ്രചോദനം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ചെലവായ തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ് . |

| ക്രമ നം. | സാമ്പത്തിക വർഷം | 2235-02-101-73 ശീർഷകത്തിൽ വകയിരുത്തിയ തുക | ശീർഷകത്തിൽ നിന്നും ആകെ ചെലവായ തുക | പ്രചോദനം പദ്ധതിയ്ക്കായി ചെലവാക്കിയ തുക |
|---|---|---|---|---|
| 1 | 2022-23 | 5 കോടി | 1,60,78,462/- | 4,025/- |
| 2 | 2023-24 | 5 കോടി | 1,38,14,719/- | -- |
| 3 | 2024-25 | 10 കോടി | 68,20,757/- (07.10.2024 വരെ) | 15,489/- (07.10.2024 വരെ) |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1768 11.10.2024- ൽ മറുപടിയ്ക്ക്

**<u>പ്രചോദനം തൊഴിൽ പരിശീലന</u>**

**<u>പദ്ധതി</u>**

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ. ചാണ്ടി ഉമ്മൻ ഡോ. ആർ. ബിന്ദു

(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 18 വയസ് കഴിഞ്ഞവർക്കുള്ള 'പ്രചോദനം' തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോപ്പോസൽ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) പ്രചോദനം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കരിക്കുലം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കരിക്കുലം കമ്മിറ്റി യോഗം ചേരുകയും വിദഗ്ധരുടെ അഭിപ്രായങ്ങൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വിദഗ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ഈ പദ്ധതി എന്നാണ് പ്രഖ്യാപിച്ചതെന്നും എന്നത്തേക്ക് നടപ്പാക്കുന്നതിനാണ് നിശ്ചയിച്ചിരുന്നതെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | (ബി) പതിനെട്ടു വയസ്സ് കഴിഞ്ഞ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ തൊഴിൽ നൈപുണ്യവികസനത്തിനായി 2 0 2 3 - 2 4 സാമ്പത്തിക വർഷത്തിലാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചത്. മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ അഭിരുചിയ്ക്കനുസരിച്ചുള്ള തൊഴിൽ പരിശീലനം നൽകി സാധ്യമാകുന്ന തൊഴിലുകൾ ചെയ്യുന്നതിന് പ്രാപ്തരാക്കുക, ഇതിലേയ്ക്കായി പാഠ്യപദ്ധതികൾ തയ്യാറാക്കുക എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലെയും രണ്ട് വീതം തൊഴിൽ പരിശീലനകേന്ദ്രങ്ങൾക്ക് ധനസഹായം നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>പ്രചോദനം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കരിക്കുലം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കരിക്കുലം കമ്മിറ്റി യോഗം ചേരുകയും വിദഗ്ധരുടെ അഭിപ്രായങ്ങൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വിദഗ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) പ്രസ്തുത പദ്ധതിയ്ക്കായി | (സി) സാമൂഹ്യനീതി വകുപ്പിന്റെ 2235-02-101-73 (പി) |

<table>
<tr>
<td>കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലും നടപ്പ് സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിവരം ലഭ്യമാക്കാമോ; ഇതിനായി എത്ര തുക ചെലവായിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?</td>
<td>ശീർഷകത്തിൽ ഒരു കമ്പോണന്റായാണ് പ്രചോദനം പദ്ധതി ഉൾപ്പെട്ടിട്ടുള്ളത്. 2235-02-101-73 (പി) ശീർഷകത്തിൽ 2022-2023, 2023-2024-ൽ വകയിരുത്തിയിട്ടുള്ള തുക, ചെലവഴിച്ച തുക, പ്രചോദനം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പ്രസ്തുത സാമ്പത്തികവർഷങ്ങളിൽ ചെലവായ തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.
<table>
<tr><th>ക്രമ നം.</th><th>സാമ്പത്തിക വർഷം</th><th>2235-02-101-73 ശീർഷകത്തിൽ വകയിരുത്തിയ തുക</th><th>ശീർഷകത്തിൽ നിന്നും ആകെ ചെലവായ തുക</th><th>പ്രചോദനം പദ്ധതിക്കായി ചെലവാക്കിയ തുക</th></tr>
<tr><td>1</td><td>2022-23</td><td>5 കോടി</td><td>1,60,78,462/-</td><td>4,025/-</td></tr>
<tr><td>2</td><td>2023-24</td><td>5 കോടി</td><td>1,38,14,719/-</td><td>--</td></tr>
<tr><td>3</td><td>2024-25</td><td>10 കോടി</td><td>68,20,757/- (07.10.2024 വരെ)</td><td>15,489/- (07.10.2024 വരെ)</td></tr>
</table>
</td>
</tr>
</table>

ഡോ ആർ ബിന്ദു

MINISTER